# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 192 | 28/10/2019 ൽ മറുപടിക്ക് |
|---|---|

**വിജിലൻസ് അന്വേഷണം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. പി. വി. അൻവർ** | | **പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | മുൻ വൈദ്യുതി വകുപ്പ് മന്ത്രി ശ്രീ. ആര്യാടൻ മുഹമ്മദ്, അദ്ദേഹത്തിന്റെ മകനും നിലമ്പൂർ നഗരസഭയുടെ മുൻ ചെയർമാനുമായ ശ്രീ. ആര്യാടൻ ഷൗക്കത്ത് എന്നിവർക്കെതിരെ സംസ്ഥാന വിജിലൻസിൽ ഏതെങ്കിലും പരാതി നിലവിലുണ്ടോ; ഏതെങ്കിലും കേസുകളിൽ ഇവർക്കെതിരെ വിജിലൻസ് അന്വേഷണം നടക്കുന്നുണ്ടോ; | (എ) യും (ബി) യും (സി) യും | മുൻ വൈദ്യുതി വകുപ്പ് മന്ത്രി ശ്രീ. ആര്യാടൻ മുഹമ്മദിനെതിരായി ശ്രീമതി. സരിത. എസ്. നായരുടെ പരാതി ലഭിച്ചതിൽ വിജിലൻസിന്റെ അന്വേഷണ പരിധിയിൽ വരുന്ന ആരോപണങ്ങൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ വിജിലൻസ് ഡയറക്ടർക്ക് നിർദ്ദേശം നൽകുകയും, ടി പരാതിയിന്മേൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ് I പരിശോധന നടത്തി സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരികയാണ്. |
| (ബി) | ഉണ്ടെങ്കിൽ ആരുടെയൊക്കെ പരാതിയിലാണ് അന്വേഷണം നടക്കുന്നത്; വിശദമാക്കാമോ; | | |
| (സി) | പരാതിയുണ്ടെങ്കിൽ സംസ്ഥാന വിജിലൻസ് സ്വീകരിച്ച നടപടിക്രമം വിശദമാക്കാമോ; | | |
| (ഡി) | അന്വേഷണം നടക്കുന്നുണ്ടെങ്കിൽ അന്വേഷണ ചുമതല നിർവ്വഹിക്കുന്ന ഉദ്യോഗസ്ഥർ ആരെല്ലാമാണെന്ന് വിശദമാക്കാമോ? | (ഡി) | ശ്രീമതി. സരിത. എസ്. നായരുടെ പരാതിയിൽ പരിശോധന നടത്തിയത് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ് I ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് എസ്. സുരേഷ് കുമാർ ആണ്. |

സെക്ഷൻ ഓഫീസർ